**കേരള സർക്കാർ**
**പതിമൂന്നാം കേരള നിയമസഭ**
**12-ാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 610**
**02/12/2014-ാം തീയതിയിലെ മറുപടിയ്ക്ക്**
**സർക്കാർ ഉദ്യോഗസ്ഥരുടെ ഭവന വായ്പ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി. പി.അയിഷാ പോറ്റി** | **ശ്രീ.കെ.എം.മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
| (എ) സർക്കാർ ഉദ്യോഗസ്ഥർ സർക്കാരിലേക്ക് പണയപ്പെടുത്തിയ വസ്തു രണ്ടാം മോർട്ട്ഗേജ് ചെയ്യുന്നതിനും ആയത് സ്വീകരിച്ച് അംഗീകൃത ധനകാര്യ സ്ഥാപനങ്ങൾ സർക്കാർ ഉദ്യോഗസ്ഥർക്ക് അധിക ഭവന നിർമ്മാണ മുൻകൂർ തുക നല്കുന്നതിനും സർക്കാർ ഉത്തരവ് നിലവിൽ ഉണ്ടോ?വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | ഉണ്ട്. സർക്കാർ ഉദ്യോഗസ്ഥർക്ക് സർക്കാരിലേക്ക് പണയപ്പെടുത്തിയ വസ്തു രണ്ടാം മോർട്ട്ഗേജ് ചെയ്തു കൊണ്ട് സ.ഉ(പി)നം. 436/91/ധന തീയതി, 31.07.1991, സ.ഉ(പി)നം.76/2008/ധന തീയതി, 11.02.2008, സ.ഉ.(പി) നം.87/2013/ധന തീയതി, 18.02.2013 എന്നീ ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി നിലവിൽ സംസ്ഥാന ഗവൺമെന്റിന്റെ ഭ.നി.വായ്പയും അംഗീകൃത ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയും ഉൾപ്പെടെ അടിസ്ഥാന ശമ്പളത്തിന്റെ 100 ഇരട്ടി (പരമാവധി 25 ലക്ഷം രൂപ) വരെയുള്ള തുക അധിക വായ്പയായി എടുക്കാവുന്നതാണ്. |
| (ബി) എസ്.ബി.ഐ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ പ്രധാന ബാങ്കുകൾ പ്രസ്തുത ഉത്തരവ് പ്രകാരം ജീവനക്കാർക്ക് വായ്പ നല്കുന്നതിൽ വിമുഖത കാണിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? | ഉണ്ട്. |
| (സി) പ്രസ്തുത ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം ജീവനക്കാർക്ക് ലഭ്യമാക്കാൻ ധനകാര്യ സ്ഥാപനങ്ങൾക്ക് ആവശ്യമായ എന്തെല്ലാം നിർദ്ദേശങ്ങൾ നൽകുമെന്ന് വെളിപ്പെടുത്താമോ? | പ്രസ്തുത ഉത്തരവുകൾ പ്രകാരമുള്ള ആനുകൂല്യം ജീവനക്കാർക്ക് ലഭ്യമാക്കുന്നതിന് 31.05.2014 ലെ സർക്കുലർ നം. 52/2014/ധന പ്രകാരം എസ്.ബി.ഐ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ പ്രധാന ധനകാര്യ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ